# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## സാംസ്കാരിക പുരാവസ്തു വിഭാഗം

## വാർത്താകുറിപ്പ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വൈക്കം ക്ഷേത്ര കലാപീഠത്തിൽ പഞ്ചവാദ്യം, തകിൽ, നാദസ്വരം ത്രിവത്സര ഡിപ്ലോമ കോഴ്സുകളിലേയ്ക്ക് 2018 വർഷത്തേയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകർ അഡ്മിഷൻ സമയത്ത് 15 നും 20 നും മദ്ധ്യേ പ്രായമുള്ളവരും 10-ാം ക്ലാസ് പാസായിട്ടുള്ളവരും, (പ്ലസ് 2 പാസ്സായവർക്ക് മുൻഗണന) ഹിന്ദു സമുദായത്തിൽപ്പെട്ട ആൺകുട്ടികളും ആയിരിക്കണം. അഡ്മിഷൻ ലഭിക്കുന്നവർക്ക് ഭക്ഷണവും താമസ സൗകര്യവും ദേവസ്വം ബോർഡ് നൽകുന്നതായിരിക്കും. അപേക്ഷ ഫാറം 100/- രൂപയ്ക്ക് വൈക്കം ക്ഷേത്ര കലാപീഠത്തിൽ നിന്ന് ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2018 മെയ് 19-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി വൈക്കം ക്ഷേത്ര കലാപീഠത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടേയും, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവയുടേയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്. അപേക്ഷകരുമായി ബന്ധപ്പെടുവാനുള്ള ഫോൺ നമ്പരുകൾ അപേക്ഷയോടൊപ്പം നിർബന്ധമായും ചേർത്തിരിക്കണം.

അപേക്ഷകരുടെ അഭിരുചി പരീക്ഷ മെയ് 24, 25 തീയതികളിൽ നടത്തുന്നതായിരിക്കും. പ്രസ്തുത തീയതികളിൽ രാവിലെ 10 മണിക്ക് സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം അപേക്ഷകർ വൈക്കം ക്ഷേത്രകലാപീഠത്തിൽ ഹാജരാകേണ്ടതാണ്.

ഡയറക്ടർ.